**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3366** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ വായനശീലം വളർത്തുന്നതിനായുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി പ്രൈമറി, അപ്പർ പ്രൈമറി തലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് എന്തെല്ലാം കാര്യങ്ങളാണ് വിദ്യാലയങ്ങളിൽ നടത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ആലോചിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ ഒരു പുതിയ പദ്ധതി "ലൈബ്രറികളും ക്ലാസ് റൂം ലൈബ്രറികളും" എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആരംഭിക്കുകയും ആയതിനായി ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിനായി "വായനയുടെ വസന്തം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുകയും ആയത് പ്രകാരം ഗവ എച്ച് എസ്, യു പി, എയ്ഡഡ് എച്ച് എസ്, യു പി സ്കൂളുകൾക്ക് വിവിധ കാലയളവുകളിൽ പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2024-2025 വർഷം 30 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് സംസ്ഥാനത്തെ തിരഞ്ഞെടുത്ത 10 സ്കൂളുകളിൽ ലൈബ്രറികൾ നവീകരിക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു.<br><br>**കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി പ്രൈമറി, അപ്പർ പ്രൈമറി ഹൈസ്കൂൾതലങ്ങളെ കേന്ദ്രീകരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ**<br><br>1) ജൂൺ 19ന് വായനാദിനം സമുചിതമായി ആചരിക്കുന്നു. വായന ദിനത്തോടനുബന്ധിച്ച് വിവിധതരം വായനകൾ, വായനമത്സരങ്ങൾ, വായനദിന ക്വിസ്, പി എൻ പണിക്കർ അനുസ്മരണം, തുടർവായന സാധ്യതകൾ, ലൈബ്രറി സന്ദർശനം, പുസ്തകപ്രദർശനം, വായനക്കുറിപ്പ്, പുസ്തകാസ്വാദനം, പുസ്തകത്തൊട്ടിൽ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 2) സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി വായനമൂലകൾ പ്രാദേശിക ലൈബ്രറികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ വായനയെ പ്രോത്സാഹിപ്പിക്കുന്നു.<br><br>3) പുതിയ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ക്ലാസുകളിൽ തീമാറ്റിക് - ലൈബ്രറി സജ്ജമാക്കാനുള്ള നിർദ്ദേശങ്ങൾ ടീച്ചർ ടെക്സ്റ്റിൽ നൽകിക്കഴിഞ്ഞു. ഓരോ യൂണിറ്റും ഒരു തീമിനെ ആസ്പദമാക്കിയാണ് തയ്യാറാക്കിയിരിക്കുന്നത്. ആ കാലയളവിൽ ചർച്ച ചെയ്യുന്ന തീമുമായി ബന്ധപ്പെട്ട പുസ്തകങ്ങൾക്ക് പ്രത്യേകം പരിഗണന നൽകി അവ കുട്ടികൾക്ക് വായനയ്ക്കായി തയ്യാറാക്കുന്ന പദ്ധതിയാണ് തീമാറ്റിക് ലൈബ്രറി.<br><br>4) ടീച്ചർ ടെക്സ്റ്റിൽ ഓരോ യൂണിറ്റിന്റേയും അവസാനം തുടർവായന ലക്ഷ്യത്തിനായി സഹായക ഗ്രന്ഥങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. അവ ക്ലാസ്സ് റൂമുകളിൽ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നും അതിലൂടെ എങ്ങനെ വായനയെ പ്രോത്സാഹിപ്പിക്കാമെന്നുമുള്ള നിർദ്ദേശം അതത് ടീച്ചർ ടെക്സ്റ്റിൽ നൽകിയിട്ടുണ്ട്.<br><br>5) വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി പത്രവായന പ്രോത്സാഹിപ്പിക്കണമെന്ന വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനം നടപ്പിലാക്കി വരുന്നു. മാതൃഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടും വൈജ്ഞാനിക സാഹിത്യ മേഖലകളുടെ വികാസത്തിന് അനുഗുണമായ വാർത്തകൾക്ക് പ്രാധാന്യം നൽകിയുമുള്ള വാർത്തകൾ വായിക്കുന്നതിലൂടെ കുട്ടികളിൽ വായനയോടുള്ള താല്പര്യം വർധിക്കും.<br><br>6) സമഗ്രശിക്ഷ കേരളയും കുട്ടികളുടെ വായന പ്രോത്സാഹനത്തിനായി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിന് 2018-19 അധ്യയന വർഷത്തിൽ ഒരു പുതിയ പദ്ധതി "ലൈബ്രറികളും ക്ലാസ് റൂം ലൈബ്രറികളും" എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആരംഭിക്കുകയും ആയതിനായി ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് സംസ്ഥാനത്തെ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ നൽകുന്നതിനായി "വായനയുടെ വസന്തം" എന്ന പേരിൽ ഒരു പുതിയ |

പദ്ധതി ആരംഭിക്കുകയും ആയത് പ്രകാരം ഗവ എച്ച് എസ്, യു പി, എയ്ഡഡ് എച്ച് എസ്, യു പി സ്കൂളുകൾക്ക് വിവിധ കാലയളവുകളിൽ പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2024-2025 വർഷം 30 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് സംസ്ഥാനത്തെ തിരഞ്ഞെടുത്ത 10 സ്കൂളുകളിൽ ലൈബ്രറികൾ നവീകരിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

**കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി പ്രൈമറി, അപ്പർ പ്രൈമറി ഹൈസ്കൂൾതലങ്ങളെ കേന്ദ്രീകരിച്ചു നടത്തുന്ന പ്രവർത്തനങ്ങൾ**

1) ജൂൺ 19ന് വായനാദിനം സമുചിതമായി ആചരിക്കുന്നു. വായന ദിനത്തോടനുബന്ധിച്ച് വിവിധതരം വായനകൾ, വായനമത്സരങ്ങൾ, വായനദിന ക്വിസ്, പി എൻ പണിക്കർ അനുസ്മരണം, തുടർവായന സാധ്യതകൾ, ലൈബ്രറി സന്ദർശനം, പുസ്തകപ്രദർശനം, വായനക്കുറിപ്പ്, പുസ്തകാസ്വാദനം, പുസ്തകത്തൊട്ടിൽ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

2) സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി വായനമൂലകൾ പ്രാദേശിക ലൈബ്രറികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ വായനയെ പ്രോത്സാഹിപ്പിക്കുന്നു.

3) പുതിയ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ക്ലാസുകളിൽ തീമാറ്റിക് - ലൈബ്രറി സജ്ജമാക്കാനുള്ള നിർദ്ദേശങ്ങൾ ടീച്ചർ ടെക്സ്റ്റിൽ നൽകിക്കഴിഞ്ഞു. ഓരോ യൂണിറ്റും ഒരു തീമിനെ ആസ്പദമാക്കിയാണ് തയ്യാറാക്കിയിരിക്കുന്നത്. ആ കാലയളവിൽ ചർച്ച ചെയ്യുന്ന തീമുമായി ബന്ധപ്പെട്ട പുസ്തകങ്ങൾക്ക് പ്രത്യേകം പരിഗണന നൽകി അവ കുട്ടികൾക്ക് വായനയ്ക്കായി തയ്യാറാക്കുന്ന പദ്ധതിയാണ് തീമാറ്റിക് ലൈബ്രറി.

4) ടീച്ചർ ടെക്സ്റ്റിൽ ഓരോ യൂണിറ്റിന്റേയും അവസാനം തുടർവായന ലക്ഷ്യത്തിനായി സഹായക ഗ്രന്ഥങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. അവ ക്ലാസ്സ് റൂമുകളിൽ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നും അതിലൂടെ എങ്ങനെ വായനയെ പ്രോത്സാഹിപ്പിക്കാമെന്നുമുള്ള നിർദ്ദേശം അതത് ടീച്ചർ ടെക്സ്റ്റിൽ നൽകിയിട്ടുണ്ട്.

5) വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി പത്രവായന പ്രോത്സാഹിപ്പിക്കണമെന്ന വിദ്യാഭ്യാസ

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ തീരുമാനം നടപ്പിലാക്കി വരുന്നു. മാതൃഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടും വൈജ്ഞാനിക സാഹിത്യ മേഖലകളുടെ വികാസത്തിന് അനുഗുണമായ വാർത്തകൾക്ക് പ്രാധാന്യം നൽകിയുമുള്ള വാർത്തകൾ വായിക്കുന്നതിലൂടെ കുട്ടികളിൽ വായനയോടുള്ള താല്പര്യം വർധിക്കും.<br><br>6) സമഗ്രശിക്ഷ കേരളയും കുട്ടികളുടെ വായന പ്രോത്സാഹനത്തിനായി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ